# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 280 — 22.06.2012-ൽ മറുപടിക്ക്

## സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾക്കുള്ള ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എ.ബേബി<br>ശ്രീ.പി.റ്റി.എ.റഹീം<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.എസ്.രാജേന്ദ്രൻ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾക്ക് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ധനസഹായം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; | എ) സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾക്ക് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ധനസഹായം നൽകുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല, |
| ബി) പ്രസ്തുത ധനസഹായം ലഭിക്കുന്നതിന് സന്നദ്ധ സംഘടനകൾ അപേക്ഷ നൽകേണ്ടത് ആർക്കാണ് ; | ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് നൽകേണ്ടത്. എന്നാൽ സർക്കാരും ഇക്കാര്യം പരിഗണിച്ച് ഇത്തരം സംഘടനകൾക്ക് തുക നൽകുന്നതിനുള്ള യഥേഷ്ടാനുമതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. |
| സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട പ്രസ്തുത തുക വിവിധ സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾക്ക് നൽകണമെന്ന് നിർദ്ദേശിച്ചു | സി) സന്നദ്ധ സംഘടനകൾക്ക് തുക നൽകണമെന്ന് സർക്കാർ ഉത്തരവ് നൽകാറില്ല.<br>സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾക്ക് നൽകുന്നതിനായി |

| | | | |
|---|---|---|---|
| | കൊണ്ട് ഉത്തരവുകൾ പുറപ്പെടുവിക്കാറുണ്ടോ ; എങ്കിൽ ഇത്തരത്തിൽ 2012-13 കാലയളവിൽ പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ; | | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടുകളിൽ നിന്നും തുക നൽകുന്നതിനുള്ള യഥേഷ്ടാനുമതിയാണ് സർക്കാർ നൽകിവരുന്നത്. |
| ഡി) | രാഷ്ട്രീയ നേതാക്കൾ നേതൃത്വം കൊടുക്കുന്ന ഏതെല്ലാം സംഘടനകൾക്ക് ഇക്കാലയളവിൽ ധനസഹായം അനുവദിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ ? | ഡി) | രാഷ്ട്രീയ പാർട്ടികളുടെയോ പ്രസ്ഥാനങ്ങളുടെയോ നേതാക്കൾ എന്ന നിലയിലുള്ള അപേക്ഷകളിന്മേൽ ഇക്കാലയളവിൽ ധനസഹായം അനുവദിച്ചതായി കാണുന്നില്ല. അപേക്ഷിക്കുന്നവരുടെ രാഷ്ട്രീയബന്ധം അവർ വെളിപ്പെടുത്താറില്ല. അത് സർക്കാർ അന്വേഷിക്കാറുമില്ല. |

സെക്ഷൻ ഓഫീസർ